✎ ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1173

# സൂറ–41 / ഹാമീം അസ്സജദ – ഫുസ്സ്വിലത്

## സൂക്തം: 45–47

സത്യപ്രവാചകനെയും സത്യവേദത്തെയും നിഷേധിച്ച് അസത്യത്തിലും അധർമത്തിലും ആറാടുന്നത് വാസ്തവത്തിൽ ഉന്മൂലനാശം അർഹിക്കുന്ന കുറ്റമാണ്. നേരത്തെ പല സമൂഹങ്ങളെയും അല്ലാഹു ആ വിധം ശിക്ഷിച്ചിട്ടുമുണ്ട്. എന്നാൽ, അല്ലാഹു അവന്റെ ഓരോ നടപടിക്കും കൃത്യമായ അവധി നിശ്ചയിട്ടുണ്ട്; അൽപം പോലും മുന്തുകയോ പിന്തുകയോ ചെയ്യാത്ത ഒരു സമയം.

وَلَقَدْ ءَاتَيْنَا مُوسَى ٱلْكِتَٰبَ فَٱخْتُلِفَ فِيهِ ۗ وَلَوْلَا كَلِمَةٌ سَبَقَتْ مِن رَّبِّكَ لَقُضِىَ بَيْنَهُمْ ۚ وَإِنَّهُمْ لَفِى شَكٍّ مِّنْهُ مُرِيبٍ ﴿٤٥﴾

45. മൂസാക്കു നാം തീർച്ചയായും വേദം നൽകിയിട്ടുണ്ടായിരുന്നു. അന്ന് അതിലും ഭിന്നിപ്പുണ്ടായി. നിന്റെ നാഥങ്കൽനിന്നു നേരത്തെ ഒരു വചനം ഉണ്ടായിട്ടില്ലായിരുന്നുവെങ്കിൽ ഇവർക്കിടയിൽ ഇതിനകം വിധി നടത്തപ്പെട്ടിട്ടുണ്ടാകുമായിരുന്നു. ഇവരോ, അക്കാര്യത്തിൽ സങ്കീർണമായ സന്ദേഹത്തിൽ തന്നെയാകുന്നു.

**45**

وَلَقَدْ آتَيْنَا مُوسَى الْكِتَابَ = മൂസാക്കു നാം തീർച്ചയായും വേദം നൽകിയിട്ടുണ്ടായിരുന്നു

فَاخْتُلِفَ فِيهِ = (അന്ന്) അതിലും ഭിന്നിപ്പുണ്ടായി

وَلَوْلَا كَلِمَةٌ سَبَقَتْ = ഒരു വചനം മുൻകടന്നിരുന്നില്ലെങ്കിൽ (മുന്നാലേ ഒരു വചനം ഉണ്ടായിട്ടില്ലായിരുന്നുവെങ്കിൽ)

مِن رَّبِّكَ = നിന്റെ നാഥങ്കൽനിന്ന്

لَقُضِيَ بَيْنَهُمْ = അവർക്കിടയിൽ (ഇതിനകം) വിധിക്കപ്പെട്ടിരുന്നു (വിധി നടത്തപ്പെട്ടിട്ടുണ്ടാകുമായിരുന്നു)

وَإِنَّهُمْ = അവർ(രോ) لَفِي شَكٍّ مِّنْهُ مُرِيبٍ = അക്കാര്യത്തിൽ സങ്കീർണമായ സന്ദേഹത്തിൽ തന്നെയാകുന്നു

ഖുർആൻ എബ്രായ ഭാഷയിലല്ലാതെ അറബിയിലായത് അതിന്റെ ദൈവികതയെ നിഷേധിക്കാനുള്ള ന്യായമാണെന്ന് അറേബ്യൻ മുശ്‌രിക്കുകളെ പഠിപ്പിക്കുന്ന ഇസ്രായീല്യർ വഹിക്കുന്ന വേദമുണ്ടല്ലോ. തൗറാത്ത്(ബൈബിൾ) – അല്ലാഹു മൂസാ നബിക്ക് അവതരിപ്പിച്ചുകൊടുത്ത വേദം തന്നെയാണത്. എബ്രായ ഭാഷയിലായിരുന്നിട്ടും അതിന്റെ സ്വീകാര്യതയിൽ ഭിന്നിപ്പുണ്ടായി. ഖിബ്ത്വികളായ ഫറവോനും കൂട്ടരും അത് നിസ്സങ്കോചം തള്ളിക്കളഞ്ഞു. ഇസ്രായീലീ പ്രമുഖനും ധനാഢ്യനുമായിരുന്ന ഖാറൂൻ അക്കൂട്ടത്തിൽ പെടുന്നു. ഇടക്കാലത്ത് മൂസാ നബിയുടെ അഭാവത്തിൽ കുറെ ഇസ്രായീല്യർ ഗോപൂജകരായി മാറിയ കഥയും പ്രസിദ്ധമാണല്ലോ. ഇവിടെ പരാമർശിക്കുന്ന ഭിന്നിപ്പിനു മറ്റൊരു മാനവും കൂടിയുണ്ട്. തൗറാത്ത് വേദഗ്രന്ഥമാണെന്ന് അംഗീകരിക്കുന്നവർക്കിടയിൽ തന്നെ ഉണ്ടായ ഭിന്നതകളാണത്. ചിലർ ചില വചനങ്ങൾ തമസ്കരിച്ചു. ചിലർ സ്വേഛാനുസാരം ഭേദഗതികൾ വരുത്തുകയും വ്യാഖ്യാനിക്കുകയും ചെയ്തു. ചിലർ അതിലെ വിധിവിലക്കുകൾ നിർണയിക്കുന്നതിൽ ഭിന്നിച്ചു. അപ്പോൾ ആളുകൾ നിഷേധിക്കുന്നത് ഖുർആൻ

അറബി ഭാഷയിലായതുകൊണ്ടല്ല എന്ന് വ്യക്തമാകുന്നു.

സത്യപ്രവാചകനെയും സത്യവേദത്തെയും നിഷേധിച്ച് അസത്യത്തിലും അധർമത്തിലും ആറാടുന്നത് വാസ്തവത്തിൽ ഉന്മൂലനാശം അർഹിക്കുന്ന കുറ്റമാണ്. നേരത്തെ പല സമൂഹങ്ങളെയും അല്ലാഹു ആ വിധം ശിക്ഷിച്ചിട്ടുമുണ്ട്. എന്നാൽ, അല്ലാഹു അവന്റെ ഓരോ നടപടിക്കും കൃത്യമായ അവധി നിശ്ചയിച്ചിട്ടുണ്ട്; അൽപം പോലും മുന്തുകയോ പിന്തുകയോ ചെയ്യാത്ത ഒരു സമയം. സമുദായങ്ങളുടെ ഉത്ഥാനപതനങ്ങൾക്കും ഇപ്രകാരം കൃത്യമായ സമയം നിർണയിച്ചിരിക്കുന്നു.

لِكُلِّ أُمَّةٍ أَجَلٌ ۖ فَإِذَا جَاءَ أَجَلُهُمْ لَا يَسْتَأْخِرُونَ سَاعَةً ۖ

(എല്ലാ ഓരോ സമുദായത്തിനും ഒരവധിയുണ്ട്. അവരുടെ അവധിയെത്തിയാൽ ഒരു നിമിഷം പോലും പിന്തുകയില്ല -7:34)

ഈ അവധിയാണ് മുന്നാലയുണ്ടായ വചനം - كَلِمَةٌ سَبَقَتْ. ഇങ്ങനെയൊരു നിശ്ചയം നേരത്തെ ഉണ്ടായിട്ടില്ലായിരുന്നുവെങ്കിൽ ഈ ഭിന്നിച്ചവർക്കിടയിൽ അതായത്, വിശ്വാസികളും അവിശ്വാസികളും തമ്മിലുള്ള തർക്കത്തിൽ ഇതിനകം തന്നെ തീരുമാനമെടുക്കുകയും രക്ഷിക്കേണ്ടവരെ രക്ഷിക്കുകയും ശിക്ഷിക്കേണ്ടവരെ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ടാകുമായിരുന്നു. വേദതത്ത്വങ്ങളിലും നിയമങ്ങളിലും വൈദികർ തമ്മിലുള്ള ഭിന്നതകൾ അടുത്ത 42:14, 98:4,5 സൂക്തങ്ങളിൽ കൂടുതൽ വിശദമായി പരാമർശിക്കുന്നുണ്ട്.

വിശ്വാസികൾക്കും അവിശ്വാസികൾക്കുമിടയിൽ തീരുമാനമെടുക്കാനുള്ള അവധി നിശ്ചയിക്കുന്നത് അല്ലാഹുവിന്റെ നീതിയുടെയും യുക്തിയുടെയും അടിസ്ഥാനത്തിലാണ്. ചിലർക്കവൻ പുനർവിചാരത്തിനും; സത്യത്തിലേക്കും ധർമത്തിലേക്കും വീണ്ടെടുക്കപ്പെടാനും അവസരം നൽകുകയാണ്. സമൂഹത്തിൽ ധാർമിക പ്രവർത്തനം നടത്തുന്ന കുറെ സജ്ജനങ്ങൾ ഉണ്ടെങ്കിൽ ഈ അവസരം പലപ്പോഴും പ്രയോജനപ്പെടുന്നു. ഇസ്രായീലി സമുദായങ്ങൾ പ്രവാചകന്മാരെ നിഷേധിച്ചിട്ടും അവർ ഉന്മൂലനാശം നേരിടാതിരുന്നത് അതുകൊണ്ടാണ്. മുഹമ്മദ് നബിയെ നിഷേധിച്ച അറബികളുടെ ചരിത്രവും അതു തന്നെയാണ്. പ്രവാചകൻ മക്കയിലായിരുന്നപ്പോൾ തന്നെ കുറേപ്പേർ അദ്ദേഹത്തിൽ വിശ്വസിക്കുകയും പിന്തുണയർപ്പിക്കുകയും ചെയ്തു. പിൽക്കാലത്ത് അവരിലൂടെ അറേബ്യ മുഴുവനും പരിസര പ്രദേശങ്ങളും ഇസ്‌ലാം ആശ്ലേഷിക്കുകയായിരുന്നുവല്ലോ. പ്രവാചകനിൽ വിശ്വസിച്ചവരായി, സമൂഹത്തെ സ്വാധീനിക്കാനും പരിവർത്തനം സൃഷ്ടിക്കാനും പര്യാപ്തമായ ഒരു സംഘം രൂപപ്പെടാതിരിക്കുകയും, തങ്ങൾക്ക് ഈ ഭൂമിയിൽ നിലനിൽക്കാൻ ധാർമികമായി ഒട്ടും അവകാശമില്ലെന്ന് സ്വന്തം കർമംകൊണ്ട് സ്ഥാപിക്കുകയും ചെയ്ത സമൂഹങ്ങൾ പ്രവാചകന്റെ കാലത്തുതന്നെ നശിപ്പിക്കപ്പെടുകയായിരുന്നു. പ്രവാചകനെയും അദ്ദേഹത്തിൽ വിശ്വസിച്ച തുച്ഛമാളുകളെയും അല്ലാഹു നാശത്തിൽനിന്ന് രക്ഷിക്കുകയും ചെയ്തു. നൂഹ് ജനതയും ആദ്-സമൂദ് വർഗങ്ങളും ഇങ്ങനെ നശിപ്പിക്കപ്പെട്ടവരുടെ ഗണത്തിൽ പെടുന്നു.

ജ്ഞാന علم- ത്തിനും അജ്ഞത جهل-ക്കും ഇടക്കുള്ള അവസ്ഥയാണ് شك -സംശയം. ഇതേ അർഥം തന്നെയാണ് ريب-നും ഉള്ളത്. അർഥത്തെ ശക്തിപ്പെടുത്താൻ പദത്തെ അതേ പദംകൊണ്ടോ സമാനാർഥ പദം കൊണ്ടോ വിശേഷിപ്പിക്കുക അറബി ഭാഷയിൽ സാധാരണമാണ്. ഉദാ: ليل أليل- അർധരാത്രി, കൂരിരുട്ടുള്ള രാത്രി. عليم خبير -അഗാധജ്ഞൻ. شعر شاعر- ഉജ്ജ്വലമായ കവിത. സങ്കീർണമായ സന്ദേഹവും ആശയക്കുഴപ്പവും - وسواس- ആണ് ഇവിടെ ഉദ്ദേശ്യം. شك مريب എന്ന പ്രയോഗം നേരത്തെ 11:72,110, 24:54 സൂക്തങ്ങളിൽ വന്നിട്ടുണ്ട്. مِّنْهُ- അക്കാര്യത്തിൽ എന്നതുകൊണ്ട് സൂചിപ്പിക്കുന്നത് പ്രവാചകത്വം, വേദം, പരലോകം, ശിഷ്ടന്മാരുടെയും ദുഷ്ടന്മാരുടെയും വിധി തുടങ്ങിയ കാര്യങ്ങളാണ്. അവയിലൊന്നും വിശ്വസിക്കാൻ അവരുടെ മനസ്സ് സമ്മതിക്കുന്നില്ല. എന്നാൽ, ഒന്നും ഖണ്ഡിതമായി നിഷേധിക്കാൻ തെളിവുമില്ല. ഇതാണവർ നേരിടുന്ന സങ്കീർണത. ●

مَّنْ عَمِلَ صَٰلِحًا فَلِنَفْسِهِۦ ۖ وَمَنْ أَسَآءَ فَعَلَيْهَا ۗ وَمَا رَبُّكَ بِظَلَّٰمٍ لِّلْعَبِيدِ ﴿٤٦﴾

46. സൽക്കർമം ചെയ്യുന്നവൻ അതു ചെയ്യുന്നത് തനിക്കു വേണ്ടിത്തന്നെയാകുന്നു. തിന്മ ചെയ്യുന്നവൻ തനിക്കെതിരായിട്ടുമാകുന്നു. നിന്റെ നാഥൻ അവന്റെ ദാസന്മാരോട് ഒട്ടും അനീതി ചെയ്യുന്നവനല്ല.

**46**

| | |
|---|---|
| مَّنْ عَمِلَ صَالِحًا = | ആരെങ്കിലും സൽക്കർമം ചെയ്താൽ (സൽക്കർമം ചെയ്യുന്നവൻ) |
| فَلِنَفْسِهِ ۖ = | അതു ചെയ്യുന്നത് തനിക്കു വേണ്ടിത്തന്നെയാകുന്നു |
| وَمَنْ أَسَاءَ = | ആരെങ്കിലും തിന്മ ചെയ്താൽ (തിന്മ ചെയ്യുന്നവൻ) |
| فَعَلَيْهَا ۗ = | തനിക്കെതിരായിട്ടുമാകുന്നു |
| وَمَا رَبُّكَ = | നിന്റെ നാഥൻ അല്ല |
| بِظَلَّامٍ = | ഏറെ (ഒട്ടും) അനീതി ചെയ്യുന്നവൻ |
| لِّلْعَبِيدِ = | (അവന്റെ) ദാസന്മാരോട് |

മുൻ സൂക്തങ്ങളിൽ പരാമർശിച്ച കാര്യങ്ങളുടെ സമാപനമാണിത്; 45-ാം സൂക്തത്തിലെ, 'നേരത്തെ ഒരു വചനം ഉണ്ടായിട്ടില്ലായിരുന്നുവെങ്കിൽ അവരുടെ കാര്യം വിധിക്കപ്പെട്ടിട്ടുണ്ടാകുമായിരുന്നു' എന്ന വാക്യത്തിന്റെ അനുബന്ധവുമാണ്. സാരം: പ്രവാചകനെ പിന്തുടർന്ന് ഖുർആനിക ശാസനകളനുസരിച്ച് വാഴുകയാണ് സജ്ജന ധർമവും സൽക്കർമാനുഷ്ഠാനവും. സൽക്കർമം ചെയ്യുന്നതിന്റെ ഗുണവും ദുഷ്കർമം ചെയ്യുന്നതിന്റെ ദോഷവും അത് ചെയ്യുന്നവർക്ക് തന്നെയാണ്; പ്രവാചകന്നോ അല്ലാഹുവിനോ അല്ല. സജ്ജനങ്ങൾക്ക് വിധിക്കുന്നത് നിത്യസ്വർഗമായിരിക്കും; ദുർജനത്തിന്

ഭയാനകമായ നരകശിക്ഷയും. അത് അല്ലാഹുവിന്റെ വിധി -പ്രകൃതിനിയമം- ആകുന്നു. അല്ലാഹു ആരെയും അന്യായമായി ശിക്ഷിക്കുകയില്ല. തങ്ങളുടെ കർമജീവിതം കൊണ്ട് ശിക്ഷയനുഭവിക്കേണ്ടത് അനിവാര്യമായിത്തീർന്നവരെ മാത്രമേ ശിക്ഷിക്കൂ. إِنَّ اللَّهَ لَا يَظْلِمُ النَّاسَ شَيْئًا وَلَٰكِنَّ النَّاسَ أَنفُسَهُمْ يَظْلِمُونَ (അല്ലാഹു മനുഷ്യരോട് യാതൊരനീതിയും ചെയ്യുകയില്ല. പ്രത്യുത, മനുഷ്യർ തന്നെയാണവരോട് അനീതി ചെയ്യുന്നത് -10:44). وَلَا يَظْلِمُ رَبُّكَ أَحَدًا (നിന്റെ നാഥൻ ഒറ്റയാളോടും അക്രമം ചെയ്യുന്നതല്ല -18:49). إِنَّ اللَّهَ بِالنَّاسِ لَرَءُوفٌ رَّحِيمٌ (തീർച്ചയായും അല്ലാഹു ജനത്തോട് ഏറെ അലിവും കാരുണ്യവുമുള്ളവനാകുന്നു -2:143). ظَلَّام-ന്റെ അത്യുക്തിയാണ് ظَلَّام. കഠിനമായി അക്രമിക്കുന്നവൻ, അത്യധികം അക്രമിക്കുന്നവനാണ് ظلَّام. അത്യുക്തിക്കു മുമ്പിൽ നിഷേധം (ما) വന്നാൽ നിഷേധത്തെയാണതു ശക്തിപ്പെടുത്തുക. ഇതുപ്രകാരം وَمَا رَبُّكَ بِظَلَّامٍ ന്റെ അർഥം, അല്ലാഹു വളരെയേറെ അല്ലെങ്കിൽ അതികഠിനമായി അക്രമിക്കുന്നവനല്ല എന്നല്ല. പ്രത്യുത, അല്ലാഹു ഒട്ടും അക്രമിക്കുന്നവനല്ല എന്നാണ്. ●

۞ إِلَيْهِ يُرَدُّ عِلْمُ السَّاعَةِ ۚ وَمَا تَخْرُجُ مِن ثَمَرَاتٍ مِّنْ أَكْمَامِهَا وَمَا تَحْمِلُ مِنْ أُنثَىٰ وَلَا تَضَعُ إِلَّا بِعِلْمِهِ ۚ وَيَوْمَ يُنَادِيهِمْ أَيْنَ شُرَكَائِي قَالُوا آذَنَّاكَ مَا مِنَّا مِن شَهِيدٍ ﴿٤٧﴾

47. ഉയിർത്തെഴുന്നേൽപിന്റെ സമയവിവരം അല്ലാഹുവിങ്കൽ മാത്രമാകുന്നു. പൊതുമ്പുകളിൽനിന്ന് വിരിഞ്ഞുവരുന്ന കനികളെക്കുറിച്ച് അവൻ മാത്രമറിയുന്നു. ഒരു സ്ത്രീയും ഗർഭിണിയാകുന്നില്ല; പ്രസവിക്കുന്നുമില്ല, അവൻ അറിഞ്ഞുകൊണ്ടല്ലാതെ. പിന്നെ, നിങ്ങൾ ആരാധിച്ചിരുന്ന എന്റെ പങ്കാളികളൊക്കെ എവിടെ എന്ന് വിഗ്രഹാരാധകരെ വിളിച്ചു ചോദിക്കുന്ന നാളിൽ അവർ പറയും: ഇപ്പോൾ അതിനു സാക്ഷിയായി ഞങ്ങളിൽ ആരും തന്നെയില്ലെന്ന് ഞങ്ങൾ ബോധിപ്പിച്ചു കഴിഞ്ഞുവല്ലോ.

**47**

إِلَيْهِ يُرَدُّ = അവനിലേക്കു മടക്കപ്പെടുന്നു (അല്ലാഹുവിങ്കൽ മാത്രമാകുന്നു)

عِلْمُ السَّاعَةِ = ആ സമയത്തിന്റെ അറിവ് (ഉയിർത്തെഴുന്നേൽപിന്റെ സമയവിവരം)

وَمَا تَخْرُجُ مِن ثَمَرَاتٍ = കനികളാൽ പുറപ്പെടുന്നതും (വിരിഞ്ഞു വരുന്ന കനികളെക്കുറിച്ചും അവൻ മാത്രമറിയുന്നു)

مِّنْ أَكْمَامِهَا = അവയുടെ പൊതുമ്പുകളിൽനിന്ന് وَمَا تَحْمِلُ مِنْ أُنثَىٰ = ഒരു സ്ത്രീയും ഗർഭിണിയാകുന്നില്ല

وَلَا تَضَعُ = അവൾ പ്രസവിക്കുന്നുമില്ല إِلَّا بِعِلْمِهِ = അവന്റെ അറിവു (അറിഞ്ഞു) കൊണ്ടല്ലാതെ

وَيَوْمَ يُنَادِيهِمْ = അവരെ (വിഗ്രഹാരാധകരെ) വിളി(ച്ചു ചോദി)ക്കും നാളിൽ

أَيْنَ شُرَكَائِي = (നിങ്ങൾ ആരാധിച്ചിരുന്ന) എന്റെ പങ്കാളികൾ (ഒക്കെ) എവിടെ?

قَالُوا = അവർ പറ(യും) ഞ്ഞു آذَنَّاكَ = ഞങ്ങൾ നിന്നെ അറിയിച്ചു (ബോധിപ്പിച്ചു കഴിഞ്ഞുവല്ലോ)

مَا مِنَّا = ഞങ്ങളിൽനിന്ന് (ആരും തന്നെ) ഇല്ല مِن شَهِيدٍ = (ഇപ്പോൾ അതിനു) സാക്ഷിയാൽ(യായിട്ട്)

വിശ്വാസികളും അവിശ്വാസികളും തമ്മിലുള്ള തർക്കത്തിൽ ലോകാവസാനത്തിൽ അല്ലാഹു വിധി പറയുമെന്ന് താക്കീതു ചെയ്യുമ്പോൾ അവിശ്വാസികൾ പരിഹാസ പൂർവം ഉന്നയിക്കാറുള്ള ഒരു ചോദ്യമുണ്ട്. തുടക്കം മുതലേ ലോകാവസാനവും ഉയിർത്തെഴുന്നേൽപും പറഞ്ഞു നീ ഞങ്ങളെ പേടിപ്പിക്കുന്നുണ്ടല്ലോ. അപ്പറയുന്നതിൽ വല്ല കാര്യവുമുണ്ടെങ്കിൽ അതൊന്ന് സംഭവിച്ചു കാണട്ടെ. അല്ലെങ്കിൽ എന്നാണതു സംഭവിക്കുക എന്നൊന്നു പറഞ്ഞാട്ടെ. ഇതുവരെ സംഭവിച്ചിട്ടില്ല എന്നതും ഇനിയെന്നു സംഭവിക്കുമെന്നു പറയാനാകാത്തതും ഉയിർത്തെഴുന്നേൽപ് ഒരു മിഥ്യാ സങ്കൽപമാണെന്നതിന്റെ തെളിവാകുന്നു. ഇത്തരം ഇമ്പാച്ചികൾ കാട്ടി ഞങ്ങളെ പേടിപ്പിക്കാൻ നോക്കേണ്ട. ഈ പരിഹാസത്തോടുള്ള പ്രതികരണമാണീ സൂക്തം. رَدّ-ന്റെ വർത്തമാന കർമണി പ്രയോഗമാണ് يُرَدُّ. മടക്കലും ഖണ്ഡിക്കലുമാണ് ഭാഷാർഥത്തിൽ رَدّ. ഒരു പ്രശ്നം അന്തിമ തീരുമാനത്തിനുവേണ്ടി താഴേക്കിടയിൽനിന്ന് മേലേക്കിടയിലേക്കു റഫർ ചെയ്യുക, ഉന്നതാധികാരികളിലേക്കു സമർപ്പിക്കുക എന്നി പ്രയോഗാർഥങ്ങളുമുണ്ട്. ഉദാ: فَإِن تَنَازَعْتُمْ فِي شَيْءٍ فَرُدُّوهُ إِلَى اللَّهِ وَالرَّسُولِ (നിങ്ങൾ ഒരു സംഗതിയിൽ ഭിന്നിച്ചാൽ ആ കാര്യം അല്ലാഹുവിങ്കലേക്കും അവന്റെ ദൂതങ്കലേക്കും സമർപ്പിക്കുക (റഫർ ചെയ്യുക) (4:59). ഈ അർഥത്തിലാണ് പ്രകൃത സൂക്തത്തിലും ഉപയോഗിച്ചിരിക്കുന്നത്. كِمّ -ന്റെ ബഹുവചനമാണ് أَكْمَام. തെങ്ങിൻ പൂക്കുലയുടെ പൊതുമ്പും, തേങ്ങയുടെ ചകിരിയും ചിരട്ടയും പോലെ വൃക്ഷ ഫലങ്ങളെ പൊതിയുന്ന ആവരണമാണ് كِمّ. അറിയിപ്പും അനുവാദവുമായ إذْن ൽനിന്നുള്ളതാണ് آذَنَّاكَ. അറിയിച്ചു, ബോധിപ്പിച്ചു എന്നാണ് ഇവിടെ ഉദ്ദേശ്യം. ലോകാവസാനത്തിന്റെ, ഉയിർത്തെഴുന്നേൽപിന്റെ സമയമാണ് السّاعة. സൂക്തകസാരം: ലോകാവസാനത്തിന്റെയും അന്തിമ വിധിയുടെയും സമയം സംബന്ധിച്ച ജ്ഞാനം അല്ലാഹുവിന്നു മാത്രമുള്ളതാകുന്നു. അതിന്റെ സമയത്തേ സൃഷ്ടികൾക്കതു വെളിപ്പെടൂ- (7:187) إِنَّمَا عِلْمُهَا عِندَ رَبِّي لَا يُجَلِّيهَا لِوَقْتِهَا. സംഭവിക്കുന്ന സമയം അജ്ഞാതമാകുന്നു എന്നത് ലോകാവസാനവും മരണാനന്തര ജീവിതവും ഇല്ല എന്നതിനു തെളിവാകുന്നില്ല. ലോകാവസാനം മാത്രമല്ല സൃഷ്ടികൾക്ക് വെളിപ്പെടാത്തതായി ഉള്ളത്. അത്തരം കാര്യങ്ങൾ ഈ ലോ

കത്ത് ഒട്ടേറെ വേറെയുമുണ്ട്. ഉദാഹരണമായി ഒരു പൂക്കുലയിലുള്ള പൂക്കളിൽ എത്രയെണ്ണം വിരിയും, എത്രയെണ്ണം മൊട്ടിലേ പൊഴിഞ്ഞു പോകും, എത്രയെണ്ണം കായ്ഫലമായിത്തീരും, അതിലെത്രയെണ്ണം കേടും പേടുമായിരിക്കും. എത്രയെണ്ണം സദ്ഫലങ്ങളായി വിളയും? ഇതൊക്കെ നിങ്ങൾ അറിയുന്നില്ലല്ലോ. ആ അറിവില്ലായ്മ ഒരു പൂവും ഫലമായി വിളയുകയില്ല എന്നതിനു തെളിവാണോ? അതുപോലെ, ഏതു സ്ത്രീ, എപ്പോൾ, എന്തു ഗർഭം ധരിക്കും. ഗർഭത്തിലുള്ളത് അംഗഭംഗമുള്ളതോ ഇല്ലാത്തതോ, ആണോ പെണ്ണോ, അവൾ എപ്പോൾ പ്രസവിക്കും, ഇതൊന്നും നേരത്തെ അറിയുന്നില്ല എന്നത് സ്ത്രീ ഗർഭം ധരിക്കില്ല, പ്രസവിക്കില്ല എന്നതിനു തെളിവാകുന്നില്ല. ഇത്തരം നിരവധി കാര്യങ്ങൾ അല്ലാഹു മാത്രം കൃത്യമായി അറിയുന്നു. അവന്റെ അറിവനുസരിച്ച് ഒക്കെയും സംഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അവന്റെ അറിവിൽ പെടാതെ പ്രപഞ്ചത്തിൽ യാതൊന്നും സംഭവിക്കുന്നില്ല. അവനറിയാതെ ഒരില പൊഴിയുന്നു പോലുമില്ല (6:59). വിളയെക്കുറിച്ച് കൃത്യമായി അറിയാതെ ജനം കൃഷിചെയ്യുന്നു, വിളവെടുക്കുന്നു. കുട്ടിയുടെ ജനനത്തെക്കുറിച്ചും ജനിക്കുന്ന കുട്ടിയുടെ ഗുണഗണങ്ങളെക്കുറിച്ചും കൃത്യമായി അറിയാതെ ഭാര്യമാരുമായി സംഗമിക്കുകയും കുട്ടികളെ ജനിപ്പിക്കുകയും ചെയ്യുന്നു. എല്ലാം അല്ലാഹു നിശ്ചയിച്ച സമയത്ത് സംഭവിക്കുമെന്ന ഉറപ്പിലും പ്രതീക്ഷയിലുമാണ് മനുഷ്യൻ പ്രവർത്തിക്കുന്നത്. ഇഹലോകത്തിന്റെ വിളവെടുപ്പാണ് അന്ത്യനാളിൽ നടക്കാനിരിക്കുന്നത്. അല്ലാഹു നിശ്ചയിച്ച സമയത്ത് അത് നടക്കുക തന്നെ ചെയ്യും. അധർമങ്ങൾ കർമ ജീവിതത്തിലെ പാഴ്ച്ചെടികളും വിഷവൃക്ഷങ്ങളുമാണ്. സൽക്കർമങ്ങൾ സദ്ഫലവൃക്ഷങ്ങളും. വിഷച്ചെടികൾ നട്ടവർക്ക് അന്ത്യനാളിൽ അതിന്റെ ഫലവും സദ്ഫലവൃക്ഷങ്ങൾ നട്ടവർക്ക് അതിന്റെ ഫലവും കൊയ്യാം. പരലോക വിളവെടുപ്പിനെ - حرث الآخرة- അതിന്റെ നാളും നേരവും അറിയാത്തതിന്റെ പേരിൽ നിഷേധിച്ചു തള്ളി ഭൗതിക കൃഷിയിൽ - حرث الدنيا- മാത്രം ശ്രദ്ധിക്കുന്നവർക്ക് ഭൗതിക ജീവിതത്തിൽ അതിന്റെ വിള കൊയ്യാമെങ്കിലും പരലോക ജീവിതത്തിൽ യാതൊരു വിളയും ഉണ്ടാവില്ല.

مَن كَانَ يُرِيدُ حَرْثَ الْآخِرَةِ نَزِدْ لَهُ فِي حَرْثِهِ ۖ وَمَن كَانَ يُرِيدُ حَرْثَ الدُّنْيَا نُؤْتِهِ مِنْهَا وَمَا لَهُ فِي الْآخِرَةِ مِن نَّصِيبٍ ﴿٢٠﴾

(മറുലോക കൃഷി മാത്രം ആഗ്രഹിക്കുന്നവർക്ക് നാം അതിന്റെ വിള വർധിപ്പിച്ചു കൊടുക്കുന്നു. ഇഹലോക കൃഷി ആഗ്രഹിക്കുന്നവന് അതിന്റെ വിളയും കുറെ നൽകുന്നു. പക്ഷേ, പരലോകത്ത് അവന്ന് ഒരു വിഹിതവുമുണ്ടാവില്ല -42:20). ഉദയാസ്തമയങ്ങളെയും ഋതുഭേദങ്ങളെയും പോലെ ഉയിർത്തെഴുന്നേൽപിന്റെയും നാളും നേരവും നിർണയിച്ചു കിട്ടണമെന്ന് ശഠിക്കാതെ ഉയിർത്തെഴുന്നേൽപിനെ നേരിടാനാവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുന്നതിൽ വ്യാപൃതരാവുകയാണ് വിവേകശാലികൾ ചെയ്യേണ്ടത്. ഈ ആശയം നേരത്തെ സൂറ *ലുഖ്മാൻ* 34-ൽ ഇപ്രകാരം അവതരിപ്പിച്ചിട്ടുണ്ട്:

إِنَّ اللَّهَ عِندَهُ عِلْمُ السَّاعَةِ وَيُنَزِّلُ الْغَيْثَ وَيَعْلَمُ مَا فِي الْأَرْحَامِ ۖ وَمَا تَدْرِي نَفْسٌ مَّاذَا تَكْسِبُ غَدًا ۖ وَمَا تَدْرِي نَفْسٌ بِأَيِّ أَرْضٍ تَمُوتُ ۚ إِنَّ اللَّهَ عَلِيمٌ خَبِيرٌ

(ഉയിർത്തെഴുന്നേൽപിന്റെ സമയവിവരം അല്ലാഹുവിങ്കൽ മാത്രമാകുന്നു. അവനാണ് മഴ വർഷിക്കുന്നത്. ഗർഭാശയത്തിലുള്ളതൊക്കെയും അവൻ അറിയുന്നു. താൻ നാളെ എന്തുനേടുമെന്ന് ആരും കൃത്യമായി അറിയുന്നില്ല. താൻ ഏതു ദേശത്തു മരിക്കുമെന്നും ആരും അറിയുന്നില്ല. അല്ലാഹു മാത്രം എല്ലാം സൂക്ഷ്മമായി അറിയുന്നു).

ഉയിർത്തെഴുന്നേൽപിനെയും പരലോകത്തെ വിളവെടുപ്പിനെയും നിഷേധിച്ച്, മിഥ്യാ ദൈവങ്ങളിൽ പ്രതീക്ഷയർപ്പിച്ച് ഇഹലോക കൃഷിയിൽ മാത്രം വ്യാപൃതരായി വാണ് പരലോകത്തെത്തുന്നവരെ വിളിച്ച് അല്ലാഹു ചോദിക്കും: എന്നെയും ഈ നാളിനെയും നിഷേധിച്ചുകൊണ്ടും, ഉയിർത്തെഴുന്നേൽപ് സംഭവിക്കുകയാണെങ്കിൽ തന്നെ അവിടെ രക്ഷകരായി എത്തുമെന്ന് വിശ്വസിച്ചുകൊണ്ടും നിങ്ങൾ ആരാധിച്ചുകൊണ്ടിരുന്ന 'എന്റെ പങ്കാളികളൊക്കെ എവിടെ?' ഇവിടെ അവരാരും നിങ്ങളെ രക്ഷിക്കാനെത്തിയില്ലല്ലോ. അപ്പോൾ അവർ പറയും: നാഥാ, നിനക്കു പങ്കാളികളുണ്ടെന്നും ആ പങ്കാളികൾ ഞങ്ങളെ രക്ഷിച്ചുകൊള്ളുമെന്നും വിശ്വസിച്ചത് ഞങ്ങൾക്ക് സംഭവിച്ച വൻ പിഴവായിരുന്നു. നീയല്ലാതെ ദൈവമേതുമില്ലെന്ന് ഇപ്പോൾ ഞങ്ങൾക്ക് ബോധ്യപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ ഞങ്ങളൊന്നും ബഹുദൈവത്വത്തിന്റെ സാക്ഷികളാകുന്നില്ലെന്ന് ഞങ്ങളിതാ നിന്നെ ബോധിപ്പിക്കുന്നു. സൂറ *അൽ മുഅ്മിൻ* 73,74-ൽ ഈ ചോദ്യവും ഉത്തരവും അവതരിപ്പിക്കുന്നതിങ്ങനെയാണ്

ثُمَّ قِيلَ لَهُمْ أَيْنَ مَا كُنتُمْ تُشْرِكُونَ ﴿٧٣﴾ مِن دُونِ اللَّهِ ۖ قَالُوا ضَلُّوا عَنَّا بَل لَّمْ نَكُن نَّدْعُو مِن قَبْلُ شَيْئًا ۚ كَذَٰلِكَ يُضِلُّ اللَّهُ الْكَافِرِينَ ﴿٧٤﴾

(പിന്നെ അവർ ചോദിക്കപ്പെടുന്നു: അല്ലാഹുവിനെ വെടിഞ്ഞ് നിങ്ങൾ ആരാധിച്ചിരുന്ന ബഹുദൈവങ്ങൾ എവിടെ? അവർ വിലപിക്കും: അവരൊക്കെയും ഞങ്ങളിൽനിന്ന് വഴിമാറിപ്പോയല്ലോ. അല്ല, പൂർവ ജീവിതത്തിൽ ഞങ്ങൾ ആരെയും പ്രാർഥിച്ചിരുന്നില്ല എന്നതാണ് സത്യം. ഈ വിധമാണ് അല്ലാഹു സത്യനിഷേധികളെ വഴിതെറ്റിക്കുന്നത്). ഇവിടെ قالوا-آذنّاك-قيل തുടങ്ങിയവ ഭൂതകാല ക്രിയകളായിട്ടാണ് പറയുന്നതെങ്കിലും ഭാവിയാണ് ഉദ്ദേശ്യം. സംഭവിക്കാൻ വിധിക്കപ്പെട്ട കാര്യങ്ങൾ സംഭവിച്ചുകഴിഞ്ഞതുപോലെ പറയുന്ന ശൈലി ഖുർആനിൽ സാധാരണമാണ്.

ചില വ്യാഖ്യാതാക്കളുടെ വീക്ഷണത്തിൽ, آذَنَّاكَ مَا مِنَّا مِن شَهِيدٍ എന്ന വാക്യം ബഹുദൈവവിശ്വാസികളുടേതല്ല; അവരുടെ ആരാധ്യരുടേതാണ്. ദിവ്യത്വത്തിൽ പങ്കാളിത്തം ആരോപിച്ച് ആരാധിക്കപ്പെട്ടിരുന്ന മലക്കുകൾ, അമ്പിയാക്കൾ, ജിന്നുകൾ, പുണ്യാത്മാക്കൾ തുടങ്ങിയവർ വിചാരണാ വേളയിൽ മുന്നോട്ടുവന്ന് തങ്ങളുടെ ആരാധകർക്കെതിരെ മൊഴി നൽകുകയാണ്. *അൽഫുർഖാൻ* 17,18 സൂക്തങ്ങൾ ഈ വ്യാഖ്യാനത്തെ പിന്തുണക്കുന്നുണ്ട്:

وَيَوْمَ يَحْشُرُهُمْ وَمَا يَعْبُدُونَ مِن دُونِ اللَّهِ فَيَقُولُ أَأَنتُمْ أَضْلَلْتُمْ عِبَادِي هَٰؤُلَاءِ أَمْ هُمْ ضَلُّوا السَّبِيلَ ﴿١٧﴾ قَالُوا سُبْحَانَكَ مَا كَانَ يَنبَغِي لَنَا أَن نَّتَّخِذَ مِن دُونِكَ مِنْ أَوْلِيَاءَ وَلَٰكِن مَّتَّعْتَهُمْ وَآبَاءَهُمْ حَتَّىٰ نَسُوا الذِّكْرَ وَكَانُوا قَوْمًا بُورًا ﴿١٨﴾

(ബഹുദൈവാരാധകരെയും അല്ലാഹുവിനെക്കൂടാതുള്ള അവരുടെ ആരാധ്യരെയും ഒരുമിച്ചു കൂട്ടുന്ന നാളിൽ ആരാധ്യരോടു ചോദിക്കും: എന്റെ ഈ അടിമകളെ വഴിപിഴപ്പിച്ചത് നിങ്ങളാണോ? ആരാധ്യർ അല്ലാഹുവിനോടു ബോധിപ്പിക്കും: നീ പരമപരിശുദ്ധനാകുന്നു. നിന്നെ കൂടാതുള്ള മിത്രങ്ങളെ വരിക്കേണ്ട കാര്യം ഞങ്ങൾക്കില്ലല്ലോ. പക്ഷേ, ഈയാളുകൾക്കും അവരുടെ പിതാക്കൾക്കും നീ സമൃദ്ധമായി ഭൗതിക വിഭവങ്ങൾ പ്രദാനം ചെയ്തു. അങ്ങനെ അവർ ദൈവിക-ധാർമിക പാഠങ്ങൾ മറന്നുപോയി. അവരൊരു നാശോന്മുഖ ജനതയായിത്തീർന്നു). ●